ശിശു വികസന പദ്ധതി ഓഫീസറുടെ കാര്യാലയം, ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, കൊണ്ടോട്ടി, തുറക്കൽ.പി.ഒ, പിൻ: 673638,
ഫോൺ : 04832713315, 9188959785, ഇ-മെയിൽ: konicds@gmail.com

നം.26/24

തിയതി: 18.01.2024

## വനിത ശിശു വികസന വകുപ്പ്

## ദർഘാസ് പരസ്യം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഐ.സി.ഡി.എസ് പ്രോജക്ടിന് കീഴിലെ 148 അങ്കണവാടികളിലേക്ക് 2023-24 സാമ്പത്തിക വർഷം പ്രീസ്കൂൾ എഡ്യുക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും താഴെ കൊടുത്ത നിബന്ധനകൾക്ക് വിധേയമായി മൽസരാടിസ്ഥാനത്തിലുള്ള മുദ്ര വെച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അടങ്കൽ തുക | : 444000/-രൂപ |
| 2. | ടെണ്ടർ ഫോമിന്റെ വില | : 900/-രൂപ + GST |
| 3. | ടെണ്ടർ ഫോറം വിൽപന അവസാനിക്കുന്ന സമയം | : 05.02.2024, 12.30 PM |
| 4. | ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാനിക്കുന്ന സമയം | : 05.2.2024, 2.00 PM |
| 5. | ടെണ്ടർ തുറക്കുന്ന സമയം | : 05.02.2024, 3.00 PM |

## നിബന്ധനകൾ

1. വിതരണം ചെയ്യുന്ന സാധനങ്ങൾ ഗുണനിലവാരം പുലർത്തുന്നവയും കുട്ടികളുടെ ആരോഗ്യസുരക്ഷ ഉറപ്പു വരുത്തുന്നവയും സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയുമായിരിക്കണം.
2. സാധനങ്ങൾ എത്തിക്കേണ്ട ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്കു കൂലി, മറ്റ് ചെലവുകൾ എന്നിവയടക്കം എല്ലാ വിധ നികുതികളും ഉൾപ്പെട്ട തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്.
3. ആകെ വിലയുടെ 1% താഴെ ഒപ്പിട്ട ഉദ്യോഗസ്ഥന്റെ പേരിൽ നിരത ദ്രവ്യമായി ടെണ്ടറോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4. ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് GST രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
5. കവറിന് പുറത്ത് "പ്രീസ്കൂൾ എഡ്യുക്കേഷൻ കിറ്റിനുള്ള ദർഘാസ്- 2023-24" എന്ന് രേഖപ്പെടുത്തേണ്ടതാണ്.
6. ടെണ്ടറിൽ പങ്കെടുക്കുന്നവർ ബ്ലോക്ക്തല പ്രൊക്യുർമെന്റ് കമ്മിറ്റി മുമ്പാകെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാമ്പിളുകൾ ഹാജരാക്കേണ്ടതാണ്.
7. ദർഘാസ് സ്വീകരിക്കാനും നിരസിക്കാനുമുള്ള അധികാരം ബ്ലോക്ക്തല പ്രൊക്യുർമെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.
8. ദർഘാസ് സംബന്ധിച്ച എല്ലാ പൊതുനിബന്ധനകളും ഇതിനും ബാധകമാണ്.

കൂടുതൽ വിവരങ്ങൾക്കും ടെണ്ടർ ഫോറത്തിനും കൊണ്ടോട്ടി ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

OFFICE OF CHILD DEVELOPMENT PROJECT OFFICER

18/1/24

CHILD DEVELOPMENT PROJECT OFFICER,
KONDOTTY